ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 29.04.2024 TIME : 07.25 PM

# പ്രധാന വാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം രാജ്യത്ത് ഊർജ്ജിതമായി തുടരുന്നു.

   Campaigns for LS polls intensified in various states across the country.

2. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കർണാടകയിലും മഹാരാഷ്ട്രയിലും പ്രചാരണം നടത്തി. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഗുജറാത്തിൽ തിരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുത്തു.

   PM Modi attended election rallies in Karnataka and Maharashtra. Congress leder Rahul Gandi addressed campaigns in Gujrat.

3. അന്തിമ കണക്കുകൾ പ്രകാരം, ലോക്സഭ തിരഞ്ഞെടുപ്പിൽ കേരളത്തിൽ 71.27 ശതമാനം വോട്ട് രേഖപ്പെടുത്തിയതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.

   Final voter turn out in Kerala for LS elections is updated as 71.27 percent, said Chief Electoral Officer of Kerala, Sanjay Koul

4. സംസ്ഥാനത്ത് കടുത്ത ചൂട് തുടരുന്നു. ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് പാലക്കാട് ജില്ലയിൽ ഓറഞ്ച് ജാഗ്രത. ജില്ലയിലെ മെഡിക്കൽ കോളേജ് ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.

Hot wave situation countinues in Kerala. Orange Alert declared in Palakkad district. Educational institutions to remain shut till May 2 nd.

5. നെറ്റ് പരീക്ഷാ തീയതിയിൽ മാറ്റം വരുത്തി യുജിസി. ജൂൺ 16-ൽ നിന്ന് 18-ലേക്കാണ് പരീക്ഷ മാറ്റിയത്.

The University Grants Commission-National Eligibility Test (UGC-NET) examination has been postponed from 16th June to 18th June this year.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസ് പോരാട്ടം. ഐഎസ്എല്ലിൽ ഇന്നത്തെ മത്സരം മുംബൈ സിറ്റിയും എഫ് സി ഗോവയും തമ്മിൽ.

In IPL Kolkota Knight Riders to take on Delhi Capitals today. In ISL Mumbai City clashes with FC Goa.

&&&&&&&&&&&&&&&&&&

## KARNATAKA-PM

രാജ്യത്ത് മൂന്നാംഘട്ട തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് കർണാടകയിലെ ബഗൽകോട്ടിൽ പ്രചാരണ റാലിയിൽ പങ്കെടുത്തു. 2047ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കിയ അദ്ദേഹം എൻഡിഎ സർക്കാരിൻറെ നേതൃത്വത്തിൽ കഴിഞ്ഞ 10 വർഷത്തിനിടെയുണ്ടായ അടിസ്ഥാനസൗകര്യ വികസനങ്ങളെക്കുറിച്ചും വിശദമായി പരാമർശിച്ചു. മഹാരാഷ്ട്രയിൽ മൂന്നിടത്തും പ്രധാനമന്ത്രി ഇന്ന് തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുത്തു. ബിജെപി വീണ്ടും അധികാരത്തിലെത്തിയാൽ ഭരണഘടന മാറ്റുമെന്നും, സംവരണം അവസാനിപ്പിക്കുമെന്നുമുള്ള കള്ളങ്ങൾ പ്രതിപക്ഷം

പ്രചരിപ്പിക്കുന്നതായും ശ്രീ മോദി സോലാപ്പൂരിൽ ആരോപിച്ചു. ആരുടെയും അവകാശങ്ങൾ എടുത്തുമാറ്റാതെ തന്നെ തൻറെ സർക്കാർ ദരിദ്ര വിഭാഗങ്ങൾക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തിയതായും അദ്ദേഹം പറഞ്ഞു. കോൺഗ്രസ് ദേശീയാധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗേ കർണാടകയിലെ ഗുൽബർഗയിൽ ഇന്ന് പ്രചാരണം നടത്തി. രാജ്യത്തെ വിലക്കയറ്റം, തൊഴിലില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയായിരുന്നു അദ്ദേഹത്തിൻറെ പ്രചാരണം. ദരിദ്ര വിഭാഗങ്ങളെ സഹായിക്കാൻ കോൺഗ്രസ് പ്രകടന പത്രികയിൽ മുന്നോട്ട് വയ്ക്കുന്ന പദ്ധതികളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

&&&&&&&&&&&&&&&&&&

## GUJARAT-CAMPAIGN/ KARNATAKA-AICC

വടക്കൻ ഗുജറാത്തിലെ പാഠണിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. കോർപ്പറേറ്റ് വായ്പകൾ എഴുതിത്തള്ളുന്ന എൻ.ഡി.എ സർക്കാർ നടപടിയെ വിമർശിച്ച രാഹുൽ ഗാന്ധി, കർഷകരോടും ചെറുകിട കച്ചവടക്കാരോടും സർക്കാർ അനീതി കാട്ടുന്നതായും ആരോപിച്ചു. കോൺഗ്രസ് അധികാരത്തിലെത്തിയാൽ രാജ്യത്ത് ജാതി സെൻസസ് നടത്തുമെന്നും ശ്രീ രാഹുൽഗാന്ധി പറഞ്ഞു.

&&&&&&&&&&&&&&&&&&

## REV. BIHAR- SHAH VISIT

കേന്ദ്ര മന്ത്രിയും മുതിർന്ന ബി ജെ പി നോതാവുമായ അമിത് ഷാ ബിഹാറിലെ നരാഹിയയിൽ തിരഞ്ഞെടുപ്പ് പ്രചാരണ റാലിയിൽ സംസാരിച്ചു. സമൂഹത്തിലെ

പാവപ്പെട്ടവർക്കും പിന്നാക്ക വിഭാഗങ്ങൾക്കും ദളിതർക്കും നരേന്ദ്ര മോദി സർക്കാർ പരിഗണന നൽകിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കോൺഗ്രസും ആർ ജെ ഡിയും ബിഹാർ മുൻ മുഖ്യമന്ത്രി ജനനായക് കർപ്പൂരി താക്കൂറിന് വേണ്ടത്ര ആദരവ് നൽകിയിട്ടില്ലെന്ന് ആരോപിച്ച ശ്രീ അമിത് ഷാ കേന്ദ്ര സർക്കാർ അദ്ദേഹത്തെ ഭാരതരത്ന നൽകി ആദരിച്ചതായും പറഞ്ഞു. ബെഗുസരായിൽ നടന്ന പ്രചാരണ റാലിയിലും ശ്രീ അമിത് ഷാ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## MP-WITHDREW NOMINATION

മധ്യപ്രദേശിലെ ഇൻഡോറിലെ കോൺഗ്രസ് സ്ഥാനാർത്ഥി അക്ഷയ് കാന്തി ബാം നാമനിർദ്ദേശ പത്രിക പിൻവലിച്ചു. ബിജെപി എം‌എൽ‌എ രമേഷ് മെൻഡോലക്കൊപ്പമെത്തിയാണ് പത്രിക പിൻവലിച്ചത്. മെയ് 13 നു ഇൻഡോർ മണ്ഡലത്തിൽ വോട്ടെടുപ്പ് നടക്കാനിരിക്കെയാണ് കൂറുമാറ്റം. ഈ നീക്കം കോൺഗ്രസിന് വൻ തിരിച്ചടിയാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

&&&&&&&&&&&&&&&&&&

## CONG LS CANDIDATES

ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള നാല് സ്ഥാനാർത്ഥികളെ കൂടി കോൺഗ്രസ് ഇന്ന് പ്രഖ്യാപിച്ചു. പഞ്ചാബ് കോൺഗ്രസ് അധ്യക്ഷൻ അമരീന്ദർ സിംഗ് ബ്രാർ, ലുധിയാന ലോക്സഭാ മണ്ഡലത്തിലും പാർട്ടി നേതാവ് സുഖ്ജീന്ദർ സിംഗ് രൺധാവ, ഗുരുദാസ്പൂരിലും മത്സരിക്കും. മുൻ പഞ്ചാബ്

മന്ത്രി വിജയ് ഇന്ദർ സിംഗ്ല, ആനന്ദ്പൂർ സാഹിബ് ലോക്സഭാ സീറ്റിൽ ജനവിധി തേടും.

&&&&&&&&&&&&&&&&&&

## SANJAY KAUL

അന്തിമ പോളിങ് കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് ലോക്സഭ തിരഞ്ഞെടുപ്പിൽ 71.27 ശതമാനം പോളിങ് രേഖപ്പെടുത്തിയതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. 2,77,49,158 വോട്ടർമാരിൽ 1,97,77478 പേരാണ് സംസ്ഥാനത്ത് വോട്ട് രേഖപ്പെടുത്തിയത്. 78.41 ശതമാനം പോളിങ് രേഖപ്പെടുത്തിയ വടകര മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ പേർ വോട്ട് ചെയ്തത്. പത്തനംതിട്ട മണ്ഡലത്തിലാണ് ഏറ്റവും കുറവ് പോളിങ്. വോട്ടെണ്ണൽ തുടങ്ങുന്നത് വരെ സർവീസ് വോട്ട് സ്വീകരിക്കുമെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## ELECTION- 6TH PHASE

ആറാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ആറ് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശമായ ഡൽഹിയിലേയും 57 ലോക്സഭാ സീറ്റുകളിലേക്കാണ് ഈ ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഡൽഹിയിൽ ഏഴ് , ഹരിയാനയിൽ പത്ത്, ഉത്തർപ്രദേശിൽ പതിനാല്, ബീഹാറിലും പശ്ചിമ ബംഗാളിലും എട്ട് വീതം, ഒഡീഷയിൽ ആറ് , ജാർഖണ്ഡിൽ നാല് എന്നിങ്ങനെയാണ് ആറാം

ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന മണ്ഡലങ്ങൾ. മെയ് ആറിനാണ് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. മെയ് 25 നാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&

## DELHI HIGH COURT - PM

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദിയെ ആറു വർഷത്തേക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും അയോഗ്യനാക്കണമെന്നാവശ്യപ്പെടുന്ന ഹർജി, ഡൽഹി ഹൈക്കോടതി തള്ളി. മതത്തിന്റെ പേരിൽ ബിജെപിക്ക് വേണ്ടി വോട്ട് ചോദിച്ചെന്നാരോപിച്ച് നൽകിയ ഹർജിയാണ് തള്ളിയത്.

&&&&&&&&&&&&&&&&&&

## AMIT SHAH- HELICOPTER

ബിഹാറിലെ ബെഗുസരൈയിൽ നിന്ന് കേന്ദ്ര ആഭ്യന്തര മന്ത്രിയും മുതിർന്ന നേതാവുമായ അമിത് ഷായുടെ ഹെലികോപ്ടർ പറന്നുയരുന്നതിൽ ചില സാങ്കേതിക പ്രശ്നങ്ങൾ നേരിട്ടിരുന്നു എന്ന തരത്തിൽ പുറത്ത് വന്ന മാധ്യമവാർത്തകൾ ആഭ്യന്തരമന്ത്രാലയം തള്ളി. ഇത്തരം വാർത്തകൾ അടിസ്ഥാന രഹിതമാണെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## DELHI HIGH COURT – KEJRIWAL

മദ്യനയ അഴിമതിക്കേസിൽ ഇഡി അറസ്റ്റ് ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ നൽകിയ ഹർജിയിൽ സുപ്രീംകോടതിയിൽ നാളെയും വാദം തുടരും.

ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും ദീപാങ്കർ ദത്തയുമാണ് കേസിൽ ഇന്ന് വാദം കേട്ടത്. അറസ്റ്റ് നിയമവിരുദ്ധമാണെന്ന വാദമാണ് കെജ്രിവാളിൻറെ അഭിഭാഷകൻ അഭിഷേക് മനു സിംഗ്‌വി കോടതിയിൽ ഉയർത്തിയത്.

&&&&&&&&&&&&&&&&&&

## UGC NET POSTPONED

ഈ വർഷത്തെ യുജിസി-നെറ്റ് പരീക്ഷ ജൂൺ 16-ൽ നിന്ന് ജൂൺ 18-ലേക്ക് മാറ്റി. ഉദ്യോഗാർത്ഥികളുടെ അഭിപ്രായം പരിഗണിച്ചാണ് തീരുമാനം. രാജ്യത്തുടനീളം ഒരു ദിവസം തന്നെയായിരിക്കും പരീക്ഷയെന്ന് യുജിസി അറിയിച്ചു .

&&&&&&&&&&&&&&&&&&

## HEATWAVE KERALA INTRO

കേരളത്തിൽ മൂന്ന് ജില്ലകളിൽ ഉഷ്ണതരംഗ മുന്നറിയിപ്പ് നൽകി കേന്ദ്രകാലാവസ്ഥാവകുപ്പ്. പാലക്കാട് ജില്ലയിൽ ഓറഞ്ച് ജാഗ്രത. ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കളക്ടർ അവധി പ്രഖ്യാപിച്ചു.

***വിശദാംശങ്ങളിലേക്ക്....***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## HEATWAVE KERALA VOICE

സംസ്ഥാനത്ത് കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിലാണ് തുടർച്ചയായി ഉയർന്ന താപനില രേഖപ്പെടുത്തിയിരിക്കുന്നത്. പാലക്കാട്

ജില്ലയിൽ മൂന്നാംദിവസവും ഉയർന്ന താപനില നാല്പത്തിയൊന്ന് ഡിഗ്രിക്ക് മുകളിലാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ച സാഹചര്യത്തിൽ അടുത്ത മാസം രണ്ട് വരെ ജില്ലയിൽ കനത്ത ജാഗ്രത തുടരും. മെഡിക്കൽ കോളേജ് ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മെയ് രണ്ട് വരെ അടച്ചിടാൻ ജില്ലാ കലക്ടർ നിർദ്ദേശം നൽകി. പന്ത്രണ്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഉഷ്ണ തരംഗ സാധ്യത നിലനിൽക്കുന്നതിനാൽ അങ്കണവാടികളിലെ പ്രീ സ്കൂൾ പ്രവർത്തനം ഒരാഴ്ചത്തേക്ക് നിർത്തിവച്ചു. എല്ലാ സർക്കാർ സ്വകാര്യ ഐടിഐകൾക്കും നാളെ മുതൽ അടുത്തമാസം 4 വരെ അവധി പ്രഖ്യാപിച്ചു. ഈ ദിവസങ്ങളിൽ റെഗുലർ ക്ലാസുകൾക്ക് പകരം ഓൺലൈൻ ക്ലാസുകൾ നടത്തും. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പും നിർദേശം നൽകിയിട്ടുണ്ട്. മന്ത്രി വീണാ ജോർജ് ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി സംസ്ഥാനത്തെ പൊതു സാഹചര്യം വിലയിരുത്തി. ജില്ലാ ഭരണകൂടവുമായി ചേർന്ന് ജില്ലകളുടെ സാഹചര്യം ഇടയ്ക്കിടെ വിലയിരുത്താനും അതനുസരിച്ച് നടപടികൾ സ്വീകരിക്കാനും മന്ത്രി നിർദേശം നൽകിയിട്ടുണ്ട്. ഉഷ്ണതരംഗം മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്വയം പ്രതിരോധം വളരെ പ്രധാനമാണെന്ന് ആരോഗ്യ മന്ത്രി പറഞ്ഞു. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണിവരെ നേരിട്ട് സൂര്യ പ്രകാശം ഏൽക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗമുള്ളവർ എന്നിവരും പ്രത്യേകം ശ്രദ്ധിക്കണം.

ന്യൂസ് ഡെസ്ക്, ആകാശവാണി

&&&&&&&&&&&&&&&&&&

## K KRISHNANKUTTY

സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം പത്ത് ഇരട്ടിയോളം വർദ്ധിച്ചതായി മന്ത്രി കെ കൃഷ്ണൻകുട്ടി. വൈദ്യുതി ഉപയോഗം നിയന്ത്രിച്ചില്ലെങ്കിൽ കടുത്ത പ്രതിസന്ധി ഉണ്ടാകുമെന്നും ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കാനാണ് സർക്കാർ തീവ്രമായി ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## UTTARAKHAND-FOREST FIRES

ഉത്തരാഖണ്ഡിൽ കാട്ടു തീയണയ്ക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതമായി തുടരുന്നു. ഫയർഫോഴ്സ്, വനം വകുപ്പ് എന്നിവയ്ക്കൊപ്പം ദേശീയ ദുരന്ത നിവാരണ സേനയും ഈ ദൗത്യത്തിൽ പങ്കെടുക്കുന്നുണ്ട്. ഗഡ്വാൾ, കുമയൂൺ മേഖലകളിലാണ് കാട്ടു തീ പടരുന്നത്. സ്ഥിതി നിയന്ത്രണവിധേയമാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരികയാണെന്ന് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി അറിയിച്ചു. അതെസമയം, കാട്ടുതീയ്ക്ക് കാരണക്കാരായ 8 പേരെ വനംവകുപ്പ് അറസ്റ്റ് ചെയ്തു.

&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് - ഡൽഹി ക്യാപ്പിറ്റൽസ് മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ ഡൽഹി ബാറ്റിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിലാണ് മത്സരം.

പോയിന്റ് പട്ടികയിൽ ഡൽഹി അഞ്ചാം സ്ഥാനത്തും കൊൽക്കത്ത ഏഴാം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോൾ രണ്ടാം പാദസെമിയിൽ മുംബൈ സിറ്റി, ഗോവയെ നേരിടുന്നു. മുംബൈ ഫുട്ബോൾ അരീനയിലാണ് മത്സരം പുരോഗമിക്കുന്നത്. ഇന്നലെ നടന്ന രണ്ടാം പാദസെമിയിൽ ഒഡീഷയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി മോഹൻ ബഗാൻ ഈ സീസണിലെ ആദ്യ ഫൈനലിസ്റ്റുകളായി. മെയ് നാലിനാണ് ഫൈനൽ മത്സരം.

&&&&&&&&&&&&&&&&&&

## STOCK/GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം .ബോംബെ ഓഹരി സൂചിക സെൻസെക്സ് 941 പോയിന്റ് ഉയർന്നു 74,671 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി, 223 പോയിന്റ് വർദ്ധിച്ചു 22,643 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവിലയിൽ ഇന്ന് ഇടിവ് രേഖപ്പെടുത്തി. ഗ്രാമിന് 30 രൂപ കുറഞ്ഞ് 6655 രൂപയും പവന് 240 രൂപ കുറഞ്ഞ് 53,240 രൂപയുമാണ് ഇന്നത്തെ വില

&&&&&&&&&&&&&&&&&&

## DUBAI – LARGEST AIRPORT TERMINAL

ലോകത്തെ ഏറ്റവും വലിയ വിമാനത്താവള ടെർമിനൽ നിർമിക്കാൻ ഒരുങ്ങി ദുബായ്. അൽ-മക് തൂം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന

ടെർമിനലിന്റെ രൂപരേഖ ദുബായ് പുറത്ത് വിട്ടു. പ്രതിവർഷം 260 മില്ല്യൺ യാത്രക്കാരെ ഉൾക്കൊള്ളാനുള്ള ശേഷി പുതിയ ടെർമിനലിനുണ്ടാകും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&

&&&

&&

&